പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ.*238

10.12.2014 -ലെ മറുപടിയ്ക്ക്

## സ്വകാര്യ മേഖലയിലെ തൊഴിൽ സുരക്ഷിതത്വം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.സി.വിഷ്ണുനാഥ് :<br>ശ്രീ.ഷാഫി പറമ്പിൽ :<br>ശ്രീ.എം.എ. വാഹിദ് : | ശ്രീ . ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ തൊഴിൽപരമായ സംരക്ഷണത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ)തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താ റുണ്ട്. തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ഓർഡിനൻസ് 29-08-2014 ന് നിലവിൽ വന്നി ട്ടുണ്ട്. കൂടാതെ ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ ചട്ടം രൂപീകരിക്കുന്നതിന്റെയും, നിലവിലെ ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിന്റെയും ഭാഗമായി ജീവന ക്കാർക്ക് വിശ്രമത്തിനും, വിശ്രമ വേളകളിൽ ഇരിക്കാനുമുള്ള സൗകര്യം കൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും ക്രെഷ്, ടോയ്ലെറ്റ് സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടെയുള്ള കരട് ഭേദഗതി തയ്യാറാക്കി വരികയാണ്. സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ്) നടപ്പിലാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ തൊഴിൽ വകുപ്പിൽ പു രോഗമിച്ചു വരുന്നു തൊഴിൽ തർക്കങ്ങൾ ഉണ്ട ാകുമ്പോൾ ബന്ധപ്പെട്ട കൺസീലി യേഷൻ/അഡ്ജൂഡിക്കേഷൻ സംവിധാനങ്ങൾ ഉപയോഗിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് തൊഴിലാളികളുടെ പരാതികൾക്ക് നിവൃത്തി കാണാ റുണ്ട്. 5 തൊഴിൽ മേഖലകളെക്കൂടി മിനിമം വേതന നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുവാൻ നടപടികൾ സ്വീകരിച്ച വരുന്നു. |
| (ബി) സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്നവരുടെ മിനിമം വേതനം ഉറപ്പ് വരുത്തുന്നതിന് എത്രത്തോളം പുരോഗതി ഉണ്ടായിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ; | (ബി) സംസ്ഥാനത്ത് സ്വകാര്യ മേഖലയിലെ ജീവന ക്കാർക്ക് മിനിമം വേതനം ലഭ്യമാകുന്നതിന് 74 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ച് നടപ്പിലാക്കി വരുന്നു. 2011 മുതൽ 2014 വരെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 13 തൊഴിൽ മേഖലകളിൽ മിനിമം |

വേതനം പുതുക്കി നിശ്ചയിച്ചി ട്ടുണ്ട്. പുറമേ പുതുതായി അഞ്ച് തൊഴിൽ മേഖലകളിൽ കൂടി മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ 41 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ മിനിമം വേതന അഡ്വൈസറി ബോർഡിന് നിർദ്ദേശം നൽകിയി ട്ടുണ്ട്.

(സി) സ്വകാര്യ മേഖലയിൽ സേവനം അനുഷ്ഠിക്കുന്നവരുടെ ജോലിഭാരം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(സി) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

(ഡി) സ്വകാര്യ മേഖലയിലെ തൊഴിൽ പരമായ ചൂഷണം അവസാനിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ഡി) സ്വകാര്യ മേഖലയിലെ തൊഴിൽ പരമായ ചൂഷണം അവസാനിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിക്കും. സ്വകാര്യ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ക്വാഡ് പരിശോധനകൾ നടത്തുമ്പോഴും മറ്റ് വകുപ്പുകളുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുമ്പോഴും ശ്രദ്ധയിൽപ്പെടുന്ന നിയമ ലംഘനങ്ങൾക്കെതിരെ, ബന്ധപ്പെട്ട സ്ഥാപന മാനേജ്മെന്റുകൾക്കെതിരെ ക്ലെയിം പെറ്റീഷനുകളും പ്രോസിക്യൂഷനുമുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കാറുണ്ട്. സംസ്ഥാനത്ത് സ്വകാര്യ സ്ഥാപനങ്ങളിൽ നടത്തിയ സ്ഥാപന പരിശോധനകളിൽ നിയമലംഘനം കണ്ടെത്തിയ 3399 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസുകളും, 1190 സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷനും, ഫയൽ ചെയ്തി ട്ടുണ്ട്.

Sreekala
സെക്ഷൻ ഓഫീസർ